# രക്ഷിതാക്കൾ സംഘടിക്കാറായി

സി. എ. ഡേവീഡ്

കേരളത്തിലെ മിക്കവാറും സ്കൂളുകളിൽ ഇലക്ഷൻ കഴിഞ്ഞു. ഇനി ഊഴം അദ്ധ്യാപക-രക്ഷകർതൃസംഘടനകളുടേതാണ്.അദ്ധ്യാപകരും രക്ഷിതാക്കളും ചേർന്ന ഈ കൂട്ടുകെട്ട് കൊട്ടിഘോഷിക്കുന്നത്ര നന്നല്ല.

സർക്കാർ നിയന്ത്രണത്തിലോ മാനേജ്മെന്റ് നിയന്ത്രണത്തിലോ ഉള്ള സ്കൂൾ അനുബന്ധ പദ്ധതികൾക്ക് വിലപേശൽ, നടപ്പിലാക്കൽ എന്നിവക്ക് നാട്ടുകാരിൽ നിന്ന് കുറച്ച് ശിങ്കിടികളെ കണ്ടെത്തലാണ് ഇതിന്റെ പൊതു സ്വഭാവം.അദ്ധ്യാപകർക്ക് പഠിപ്പിക്കാൻ വരെ നേരമില്ല . അതിനാൽ പുറം കാര്യംനോക്കാൻ കുറച്ച് അഭ്യുദയ കാംക്ഷികളെ കണ്ടെത്തുന്നു. നാട്ടിലെ പ്രധാന ദിവ്യന്മാർ രംഗത്തുവരുന്നു.

സ്കൂൾ മതിലുകെട്ട്, മരംമുറിച്ച് വിൽക്കൽ, വിദ്യാർത്ഥി സമരം തടയൽ, മിലിറ്ററി അച്ചടക്കം അടിച്ചേൽപ്പിക്കൽ, ഉച്ചകഞ്ഞിക്ക് പിച്ചതെണ്ടൽ, യൂണിഫോം നിർബന്ധമാക്കൽ ഇത്തരം ഒരേ പേറ്റന്റാണ് ഇവയുടെ ശരാശരി ശൈലി.

അദ്ധ്യാപകർക്ക് അവരുടെ കാര്യം നോക്കാൻ ധാരാളം സംഘടനകൾ ഉണ്ട്. എന്നാൽ രക്ഷിതാക്കൾക്ക് മാത്രമായി സംഘടനയില്ല. ഉള്ളത് ഈ സങ്കരയിനമാണ്. ഇതിൽ അദ്ധ്യാപകർക്കാണ് ആധിപത്യം. സെക്രട്ടറി അദ്ധ്യാപകനായിരിക്കും പ്രസിഡന്റ് രക്ഷിതാവും. സ്കൂളിൽവെച്ച് നടക്കുന്നതിനാൽ യോഗങ്ങളിൽ നിശ്ചയിക്കപ്പെട്ട അദ്ധ്യാപകർ ഹാജരുണ്ടാകും. അദ്ധ്യാപകരുടെ സൗകര്യാർത്ഥം ലാസ്റ്റ് പിരീഡ് ഒഴിവാക്കിയായിരിക്കും മീറ്റിംഗ്. രക്ഷിതാവ് അന്നം തേടിപ്പുറത്ത്പോയിരിക്കും. ഇക്കാരണത്താൽ യോഗതീരുമാനങ്ങൾ അദ്ധ്യാപക താൽപ്പര്യാർത്ഥം വന്നുചേരും. പ്രസിഡന്റ് ചാഞ്ഞ് ചാഞ്ഞ് മറു പക്ഷത്ത് ഉറയ്ക്കും.

സംസ്കാരിക ചായ്‌വുള്ള ഒരു രക്ഷിതാവ് വർഷങ്ങൾക്കു മുൻപ് തന്റെ സുഹൃത്തുക്കളുമായി ആലോചിച്ച് സ്കൂളിലെ പ്രധാനദ്ധ്യാപികക്ക് ഒരു നിവേദനം സമർപ്പിക്കുന്നു.

5-ാം ക്ലാസ്സുവരെയെങ്കിലും കുട്ടികളെ ഒരേബെഞ്ചിൽ ഇടകലർത്തിയിരുത്തണമെന്നും മുതിർന്നവരുടെ കപടസദാചാരം ഇതിന് തടസ്സമാകരുതെന്നും, പോലീസിന്റെ ലാത്തി പോലെ അദ്ധ്യാപകർ ചൂരൽ കൊണ്ടുനടക്കാൻ പാടില്ലെന്നും, യൂണിഫോം അടിച്ചേൽപ്പിക്കരുതെന്നും നിർബന്ധമെങ്കിൽ ഒന്നോ രണ്ടോ ദിവസം മാത്രമാക്കണമെന്നും വർണ്ണങ്ങളുടെ വൈവിദ്ധ്യം നിരാകരിക്കരുതെന്നും നിവേദനത്തിൽ സൂചിപ്പിച്ചിരുന്നു.

അതുപോലെ പൗലോഫെയർ, സ്വാമി വിവേകാനന്ദൻ, എന്നിവരുടെ വിദ്യാഭ്യാസ ചിന്തകളും മറ്റും അറിയാൻ അദ്ധ്യാപകരെ പ്രേരിപ്പിക്കണമെന്നും സൂചിപ്പിച്ചിരുന്നു. ബ്യൂട്ടിഫുൾ ട്രീ, ടോട്ടോചാൻ, ദിവാസ്വപ്നം തുടങ്ങിയ ഗ്രന്ഥങ്ങൾ സ്കൂളിൽ ശേഖരിക്കണമെന്നും അദ്ധ്യാപകർ ആയതിലെ ആശയങ്ങൾ ചർച്ചചെയ്യാൻ അവസരം കണ്ടെത്തണമെന്നും കൂട്ടത്തിൽ അഭ്യർത്ഥിച്ചിരുന്നു. മാത്രമല്ല വയനാട്ടിലെ കനവ് ഗുരുകുലം, അട്ടപ്പാടിയിലെ സാരംഗ് വിദ്യാപീഠം എന്നിവ സന്ദർശിച്ച് വിദ്യാഭ്യാസരീതികൾ മനസ്സിലാക്കാൻ തയ്യാറകണമെന്നും നിവേദനത്തിൽ ഉണ്ടായിരുന്നു.

ചെറിയ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ പല പല പരീക്ഷണങ്ങളും അരങ്ങേറിയത് പിന്നീടാണ്. നിവേദനം നൽകിയ വർഷത്തെ പി. ടി.എ. വാർഷികയോഗത്തിൽ എന്തൊക്കെ പുലാട്ടായിരുന്നു അരങ്ങേറിയത്! കുട്ടികൾക്ക് നല്ല ചുട്ട അടി കൊടുക്കണം, യൂണിഫോം നിർബന്ധമാക്കണം, കുട്ടികളെ പഠിപ്പിക്കാനല്ലെങ്കിൽ പിന്നെ സ്കൂളിൽ അയക്കുന്നത് എന്തിനാണ് എന്നൊക്കെയുള്ള ചോദ്യങ്ങളും വെല്ലുവിളികളും രക്ഷിതാക്കൾ തന്നെ നടത്തി. നിവേദനം കൊടുത്ത രക്ഷിതാവ് മോശക്കാരനായി ചിത്രീകരിക്കപ്പെട്ടു.

വിദ്യാഭ്യാസത്തെ കുറിച്ചോ, അദ്ധ്യാപക-വിദ്യാർത്ഥി ബന്ധത്തെ കുറിച്ചോ,ശിശുമനോവ്യാപാരത്തെക്കുറിച്ചോ, പഠിക്കാനുള്ള സമയത്തെക്കുറിച്ചോ എന്തെങ്കിലും ആലോചനയില്ലാത്ത, പ്രാദേശിക സംസ്കാരത്തെകുറിച്ചോ, ചരിത്രത്തെക്കുറിച്ചോ ഒരു വാക്ക് പറയുന്നത് പൊറുക്കാത്ത പൊതു സമൂഹമാണ് രക്ഷിതാക്കളുടേതായ ഭൂരിപക്ഷം.

മക്കളുടെ സ്വഭാവ രൂപികരണത്തിലും നല്ലഭാവിയിലും താൽപര്യമുള്ള രക്ഷിതാക്കൾ ഒത്തുചേർന്ന് ഓരോ വിദ്യാലയത്തിലും നടപ്പിലാക്കേണ്ട രീതികൾ, പ്രാദേശിക ഭേദഗതികൾ എന്നിവ നിർദ്ദേശിക്കുകയും ശബ്ദമുയർത്തുകയും ചെയ്യേണ്ടതുണ്ട്. അല്ലെങ്കിൽ മുൻപ് കണ്ട ഒരേ പേറ്റന്റ് (അതും കോൺവെന്റുകളെയും പാശ്ചാത്യ മാതൃകകളേയും അന്ധമായി അനുകരിക്കുന്നത്) നമ്മുടെ നാട്ടുമ്പുറങ്ങളിലും കടന്നുവന്ന് ദുർഗന്ധം പരത്തും.